ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : ഇത് വളരെ വേഗം കമ്മീഷൻ ചെയ്യുന്നതിന് ഒരു മന്ത്രി എന്ന നിലയിൽ വളരെ കൂടുതൽ താൽപര്യം ഞാൻ എടുത്തിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. മാർക്കറിയാം. ഞാൻ അവിടെ പോയി പല കോൺഫറൻസുകളും കൂടിയിട്ടുണ്ട്. ഇതിനുള്ള വലിയ ബുദ്ധിമുട്ട് സ്ഥലമെടുക്കുന്നതിലാണ്. നമുക്ക് പദ്ധതിക്ക് ആവശ്യമായിട്ടുള്ളത് 17 ഹെക്ടർ സ്ഥലമാണ്. ഇതുവരെ ലഭിച്ചിട്ടുള്ളത് 10 ഹെക്ടറാണ്. ബാക്കി സ്ഥലത്തെ സംബന്ധിച്ച് കോടതികളിൽ പോയി തടസ്സങ്ങൾ സൃഷ്ടിച്ചതുകൊണ്ട് പണി മുന്നോട്ടു നീങ്ങുന്നില്ല. ഇപ്പോൾ അവസാനമായിട്ടാണ്, ഒരു കോൺഫറൻസ് കൂടി ഇവരുമായി ചർച്ച ചെയ്തതിനുശേഷം ഒരു പാക്കേജ് പദ്ധതിക്ക് രൂപം കൊടുത്തു. പാക്കേജ് പദ്ധതിയനുസരിച്ച് അവരുടെ വില മുൻകൂർ തന്നെ എഴുതിക്കൊടുത്ത് വേഗത്തിൽ ചെയ്യുകയാണ്. അടിയന്തിരമായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ പോകുകയാണ്. കാലതാമസം കൂടാതെ ഇതിന്റെ പണി തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

VI റിപ്പോർട്ടു സമർപ്പണം

(1) 2000-ലെ കേരള സംസ്ഥാന പിന്നോക്കവിഭാഗ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫിനു വേണ്ടി പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, VI-ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ശ്രീ. പി.ജെ. ജോസഫിനു വേണ്ടി 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

(2) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

ശ്രീ. ജോസ് ബേബി : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മുപ്പത്തിമൂന്നാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VII നിയമനിർമ്മാണകാര്യം

2000-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദുകുട്ടി) : സർ, 2000-ത്തിലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly